ഭാരതീയ വൈദ്യ

# സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

ജൂലായ് 2002

ചരകത്തിലൂടെ

ധാരാകല്പം

ദശമൂലഹരീതകി

പഠനക്കുറിപ്പുകൾ

സംഭാഷണങ്ങൾ

സ്തനവിദ്രധി

ഫൗണ്ടേഷൻ വാർത്തകൾ

സമകാലികം

# ദശമൂലഹരീതകി

എസ്. പരമേശ്വരൻ *

അഷ്ടാംഗഹൃദയത്തിലെ സിദ്ധഫലപ്രദമായ ഔഷധങ്ങളിൽ ഒന്നായ 'ദശമൂല ഹരീതകി'യെക്കുറിച്ച് ഡോ. എം.ആർ. വാസുദേവൻ നമ്പൂതിരി എഴുതി വൈദ്യ സംവാദത്തിന്റെ മാർച്ച് ലക്കത്തിൽ പ്രകാശിപ്പിച്ച ലേഖനം വളരെ ശ്രദ്ധേയമായി. ശോഫ ചികിത്സിതത്തിൽ ആചാര്യൻ വിവരിക്കുന്ന പ്രസ്തുതയോഗം അതിന്റെ ഫലശ്രുതിയിൽ പറയുന്ന എല്ലാ രോഗാവസ്ഥകളിലും സമാന സന്ദർഭങ്ങളിലും നല്ലവണ്ണം ഫലിക്കുന്നതായിട്ടാണനുഭവം.

എന്നാൽ പ്രധാനമായും കഫഹരമായിരിക്കുന്ന 'ദശമൂലഹരീതകി' അതിന്റെ തീരുംവ്യാധികളിൽ ഉൾപ്പെടുത്തിയിട്ടുള്ള 'കാർശ്യ'ത്തെ എങ്ങനെ പരിഹരിക്കുന്നു എന്നു സംശയിച്ചിരുന്നു. വിദാര്യാദി, ജീവനീയം തുടങ്ങിയ ഗണങ്ങളുൾപ്പെട്ട യോഗങ്ങളേ കാർശ്യത്തിന് പരിഹാരമാവുകയുള്ളുവെന്നാണ് ധരിച്ചിരുന്നത്. എന്നാൽ കാർശ്യം മാറ്റുന്നതിനും ദശമൂലഹരീതകിക്ക് കഴിയുമെന്ന് കണ്ടറിഞ്ഞു.

വൈദ്യരത്നം പി.എസ്സ്. വാരിയരുടെ

# കോട്ടയ്ക്കൽ ആര്യവൈദ്യശാല

## ആതുരസേവനത്തിന്റെ ഒരു നൂറ്റാണ്ട്

ആർഷവും പുരാതനവുമായ ആയുർവേദ പാരമ്പര്യത്തെ കാലാനുസൃതമായി നവീകരിച്ചതിൽ അദ്വിതീയ പങ്കാണ് വൈദ്യരത്നം പി.എസ്സ്. വാരിയർ വഹിച്ചത്. അദ്ദേഹം 1902-ൽ സ്ഥാപിച്ച കോട്ടയ്ക്കൽ ആര്യവൈദ്യശാല ഇന്ന് ലോകപ്രശസ്തമായ ആയുർവേദസ്ഥാപനമാണ്.

### ആര്യവൈദ്യശാലയുടെ പ്രധാന പ്രവൃത്തിമണ്ഡലങ്ങൾ

- ആധുനിക രീതിയിൽ നടത്തുന്ന രണ്ടു ചികിത്സാകേന്ദ്രങ്ങൾ - കോട്ടയ്ക്കലും ഡൽഹിയിലും
- അഞ്ഞൂറിലേറെ ശാസ്ത്രീയഔഷധങ്ങൾ നിർമ്മിക്കുന്ന നിർമ്മാണശാലകൾ -കോട്ടയ്ക്കലും കഞ്ചിക്കോട്ടും
- ആയുർവേദ വികസനത്തിന്നായി വിദ്യാഭ്യാസം, ഗവേഷണം, പുസ്തക പ്രസിദ്ധീകരണം, ഔഷധസസ്യതോട്ടങ്ങൾ എന്നിവ
- അർഹരായ രോഗികൾക്കായി ധർമാശുപത്രി
- കഥകളിയുടെ ഉന്നമനാർത്ഥം പി.എസ്സ്.വി. നാട്യസംഘം.

### ഞങ്ങൾ നേരിട്ടു നടത്തുന്ന ശാഖകൾ

കോഴിക്കോട് ◆ പാലക്കാട് ◆ തിരൂർ ◆ എറണാകുളം ◆ തിരുവനന്തപുരം
ആലുവ ◆ ചെന്നൈ ◆ കോട്ടയം ◆ കണ്ണൂർ ◆ കോയമ്പത്തൂർ
ന്യൂഡൽഹി ◆ കൊൽക്കത്ത ◆ സെക്കന്തരാബാദ് ◆ മധുര

**ഇന്ത്യയിലങ്ങോളമിങ്ങോളം ആയിരത്തോളം**
**അംഗീകൃത ഏജൻസികൾ**

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : ജനറൽ മാനേജർ

ESTD. 1902

വൈദ്യരത്നം പി.എസ്സ്. വാരിയരുടെ

## ആര്യവൈദ്യശാല

(ഒരു ചാരിറ്റബിൾ ട്രസ്റ്റ്)
കോട്ടയ്ക്കൽ - 676503 (കേരളം)



Vaidyaratnam P.S. Varier
1869-1944

ഫോൺ : (0493) 742216 ഫാക്സ് : (0493) 74572, 742210
Website : www aryavaidyasala.com
e-mail : kottakal@vsnl.com/kottakal@md3.vsnl.net.in

ശരീരം ചടച്ചതും സന്ധികളിൽ നീരും വേദനയും കൂടെക്കൂടെ ജലദോഷവുമൊക്കെയുണ്ടായിരുന്ന ഒരു രോഗിണിക്ക് രണ്ടു നേരവും രാസ്നൈരണ്ഡാദി കഷായവും കിടക്കാൻ നേരത്ത് ദശമൂലഹരീതകിയും സേവിക്കാൻ പറഞ്ഞിരുന്നു. രണ്ടു മൂന്നാഴ്ച മരുന്നു സേവിച്ചപ്പോൾ വേദനക്കു ശമനം ഉണ്ടായിക്കണ്ടു. പിന്നെ കഷായം നിറുത്തി. എങ്കിലും ദശമൂലഹരീതകി അരയോഗം ഉണ്ടാക്കി കൊടുത്തിരുന്നത് തീരുന്നതുവരെ അത്താഴപ്പുറമെ സേവിക്കാൻ പറഞ്ഞു. അത്രയും മരുന്ന് സേവിച്ചു കഴിഞ്ഞപ്പോഴേക്കും ശരീരത്തിന് നല്ല ഓജസ്സും പുഷ്ടിയും ഉണ്ടായിക്കണ്ടു. മരുന്നു നിർദ്ദേശിക്കുമ്പോൾ ശരീരപുഷ്ടിയെ ഉദ്ദേശിച്ചിട്ടേ ഇല്ലായിരുന്നു. അങ്ങനെ പ്രതീക്ഷിക്കാൻ മുൻഅനുഭവവുമില്ലായിരുന്നു. അതുകൊണ്ട് ഗുരുനാഥനായ വൈദ്യഭൂഷണം രാഘവൻ തിരുമുല്പാടു സാറിനോട് അതേക്കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, അഗ്നിമാന്ദ്യമുള്ള ഒരാളിന് ബൃംഹണമായ മരുന്നുകൾ സേവിപ്പി ക്കുന്നതുകൊണ്ട് പോഷണം ഉണ്ടാവുകയില്ലെന്നു മാത്രമല്ല ഔഷധത്തിന്റെ ഗുരുത്വം കാരണം അഗ്നി കൂടുതൽ മന്ദീഭവിച്ചു കൂടുതൽ ചടപ്പിനു കാരണമാവുകയേഉള്ളൂ. ഇവിടെ ദശമൂലഹരീതകി അഗ്നിദീപ്തിയെ ഉണ്ടാക്കാൻ പോന്നതായതുകൊണ്ട് ജഠരാഗ്നിയേയും ധാത്വഗ്നിയേയും വർദ്ധിപ്പിക്കുകയും സ്രോതോരോധം മാറ്റുകയും ചെയ്തതുകാരണം ആഹാരം വേണ്ടപോലെ പാകം വന്ന് ധാതു പോഷണത്തിലൂടെ ശരീരം പുഷ്ടിപ്പെട്ടതാണ്, എന്ന്. ഗുരുനാഥന്റെ ഈ വിശദീകരണം കേട്ടപ്പോഴാണ് ആചാര്യവാഗ്ഭടൻ അഷ്ടാംഗഹൃദയത്തിലെവിടേയും ഒരു വാക്കുപോലും വൃഥാ പ്രയോഗിച്ചിട്ടില്ലെന്ന് മന്ദനായ എനിക്ക് ബോദ്ധ്യപ്പെട്ടത്.

അഷ്ടാംഗ ഹൃദയയോഗങ്ങളിൽ ചിലതെങ്കിലും കല്പനാഭേദം വരുത്തി പ്രയോഗിക്കുന്ന കേരളീയ വൃദ്ധവൈദ്യ സമ്പ്രദായമനുസരിച്ച് ദശമൂലഹരീതകീയോഗത്തിലെ ചവർക്കാരം വിട്ടിട്ട് ശേഷിച്ച മരുന്നുകളിൽ കടുക്ക ഇരട്ടിയും മറ്റുമരുന്നുകൾ സമമായും എടുത്ത് കഷായം വെച്ച് 'അയോഭയാഗുളിക'യും ചേർത്ത് കഴിക്കുന്നതിന്, കഫപാണ്ഡുവിന്റെ വൈഷമ്യം ഉണ്ടായിരുന്ന ഒരാൾക്ക് നിർദ്ദേശിക്കുകയുണ്ടായി. പലരും പല മാതിരി പ്രയോഗങ്ങൾ ചെയ്തിട്ടും മാറാതിരുന്നത് ഇപ്രകാരം തയ്യാറാക്കിയ കഷായം മുപ്പത് ദിവസം സേവിച്ചപ്പോൾ നിശ്ശേഷം മാറിയ അനുഭവമുണ്ട്. 'അയോഭയയാ' എന്നത് തിരുമുല്പാടുസാറിന്റെ ഉപദേശപ്രകാരം 8 ഭാഗം കടുക്കാത്തോടും 1 ഭാഗം അയസ്സിന്ധൂരവും ചേർത്ത് ഗോമൂത്രം വീഴ്ത്തി അരച്ച് ഗുളികയാക്കിയതാണ്- ഈ ഗുളിക കാമിലയിലും സിദ്ധഫലപ്രദമായി കാണുന്നു. കാമിലക്ക് തിക്തകം കഷായത്തിൽ ചേർത്ത് കൊടുക്കുകയാണ്

പതിവ്. ദശമൂലഹരീതകിയോഗം അവസ്ഥാനുവിധേയമായി അരിഷ്ടമാക്കി സേവിപ്പിച്ചാലും ഫലപ്രദമായിരിക്കുമെന്നു തോന്നുന്നു.

പണ്ടുപണ്ടേ കേരളീയ വൈദ്യന്മാർ ദശമൂലഹരീതകിയോഗം അങ്ങനെ തന്നെയും സന്ദർഭോചിതമായി ചില മരുന്നുകൾ കൂട്ടിച്ചേർത്തും പ്രയോഗിച്ചിരുന്നതായി കാണാം. ചികിത്സാമഞ്ജരീകാരൻ ശോഫചികിത്സയിൽ-

"ദ്വിപഞ്ചമൂലാർദ്രകചവ്യദാരു-
പുനർന്നവഗ്രന്ഥി കൃശാനു സിദ്ധേ
കഷായകംസേ വിപചേത പഥ്യാ
ശതം സമേതം തുലയാ ഗുളസ്യ
ചതുഷ്പലം തത്ര കടുത്രയസ്യ
ത്രിജാതകസ്യ ത്രിപലഞ്ച കർഷം
ക്ഷാരസ്യ ചൂർണ്ണം പ്രതിവാപ്യ ശീതേ
മധു പ്രദദ്യാൽ കുഡുബദ്വയഞ്ച
ഏഷാഭയാ ഹന്തി നിഷേവ്യമാണാ
പ്രസിദ്ധശോഫ ജ്വര ഗുല്മശൂലാൻ


മംഗളാശംസകളോടെ,



**വൈദ്യമഠം വൈദ്യശാല & നഴ്സിങ്ഹോം,**

**മേഴത്തൂർ, തൃത്താല-679 534.**

വൈവർണ്യമൂത്രാമയ ശുക്ലദോഷ
ശ്വാസാരുചിപ്ലീഹഗരോദരാണി"

എന്നിപ്രകാരം വിശേഷപ്പെടുത്തിയിരിക്കുന്നു. അഗ്നിമാന്ദ്യവും മറ്റും അധികം ഉള്ള സന്ദർഭത്തിൽ ഇതിൻപ്രകാരം തയ്യാറാക്കി സേവിപ്പിച്ചതിൽ നല്ല ഫലാനുഭവമാണുള്ളത്.

പാരമ്പര്യതാളിയോലഗ്രന്ഥങ്ങളിൽ ദശമൂലലേഹമെന്ന പേരിൽ,

"ക്വാഥ്യേ്ഥാ ദശമൂലജാതതുലയാ
പത്ഥ്യാ ശതാധിശ്രിതെ
സംയുക്തഗുളതൊ യഥാപലശതെ
വ്യോഷത്രിജാതാന്വിതേ
പ്രത്യേകം പലചൂർണ്ണിതഞ്ച മധുനാ
പ്രസ്ഥാർദ്ധമാത്രാന്വിതെ
കിഞ്ചിൽ ക്ഷാരയുതം ക്ഷയോന്നതിഹരൊ
ലേഹ സമസ്താത്മനാ
കാസാരോചകവഹ്നിസാദവമന -
ശ്വാസപ്രസേകാപഹ
ശോഥാർശോദരപാണ്ഡുഗുന്മദമനഃ
ശ്രേയോ മുനീന്ദ്രോദിതഃ"

എന്നിങ്ങനെ കഷായത്തിന് ദശമൂലം ഒരു തുലാം എന്ന് കണക്ക് പറഞ്ഞ് വിവരിച്ചിരിക്കുന്നു.

കഷായത്തിന് ഒരു തുലാം ദശമൂലം ചേർത്തുണ്ടാക്കുന്നത് അധികം ഫലപ്രദമായി കാണുന്നുണ്ട്. ദശമൂലം തീരെ കുറഞ്ഞുപോയാൽ കഫത്തിന് ഉത്ക്ലേശം ഉണ്ടാകുന്നതായിട്ടാണ് അനുഭവം.

എന്റെ പരിമിതമായ അറിവിലും അനുഭവത്തിലും പെട്ട കാര്യങ്ങളാണ് ഇവിടെ കുറിച്ചത്. പ്രസിദ്ധരും ദൃഷ്ടകർമ്മാക്കളുമായ വൈദ്യന്മാർക്ക് ഈ യോഗത്തെക്കുറിച്ചു എത്രയോ അധികം പറയാനുണ്ടാവും. ദശമൂലഹരീതകിയെക്കുറിച്ച് സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ വിവരിച്ച് വായനക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ഡോ. എം. ആർ വാസുദേവൻ നമ്പൂതിരിക്ക് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഈ കുറിപ്പു അവസാനിപ്പിക്കുന്നു.

---

* വലിയവീട്, അരുമാനൂർ.

# ഔഷധി

## *മികച്ച ആരോഗ്യ പരിരക്ഷയ്ക്ക് മേന്മയേറിയ ആയുർവേദ ഉല്പന്നങ്ങളുടെ മികവുറ്റ ശ്രേണി*



**ഔഷധി കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള സ്ഥാപനം. കഴിഞ്ഞ 60 വർഷമായി ആയുർവ്വേദ ഔഷധ നിർമ്മാണവിപണന രംഗത്ത് മികവ് തെളിയിച്ച മഹത്തായ പാരമ്പര്യം. പ്രമേഹൗഷധി, തെങ്ങിൻ പൂക്കുല്ലാമൃതം, ഔഷധി ഹെയർടോൺ, ഔഷധി ടൂത്ത് പൗഡർ, റുമാജിത്ത്, ബേൺ ക്യൂർ ഓയിന്റ്മെന്റ് തുടങ്ങിയ 450 ലേറെ ആയുർവ്വേദ ഉല്പന്നങ്ങൾ. കേരളത്തിലെ ആയിരത്തോളം സർക്കാർ ആയുർവ്വേദ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും മരുന്നുകൾ നൽകുന്ന സ്ഥാപനം. കേരളത്തിനു വെളിയിൽ മധ്യപ്രദേശ്, രാജസ്ഥാൻ, ഒറീസ്സ, എന്നിവടങ്ങളിലെ സർക്കാർ സ്ഥാപനങ്ങളിൽ ഔഷധങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനമെന്ന ബഹുമതി. മിതമായ നിരക്കിൽ സാധാരണ ജനങ്ങളിലേക്ക് ഗുണമേന്മയുള്ള ആയുർവ്വേദ ഔഷധങ്ങൾ എത്തിക്കുന്നതിന്റെ ഭാഗമായി കേരളത്തിലുടനീളം അഞ്ഞൂറോളം ഏജൻസികൾ.**

---

**ഔഷധി**

**ദി ഫാർമ്മസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) കേരള ലിമിറ്റഡ്, തൃശൂർ-680 001.**

**(ഒരു കേരള സർക്കാർ സ്ഥാപനം)**

Ph: 0487-334519, 351675,352109,352652,353819,Fax 0487-338533.

E-mail:trc_oushadhi@sancharnet.in

Website:www.oushdahi.com

***ഔഷധിയെ അറിയൂ...രോഗം തടയൂ...ആരോഗ്യം നിലനിർത്തൂ...***

REGISTERED WITH THE REGISTRAR OF NEWS PAPERS FOR INDIA
RNI No : KERMAL 10686/11/1/2002-TC

ISO 9001 Registered KPMG The Quality Advantage

# Curing body, the way mind desires...

TREATMENTS FOR

ORTHOPAEDIC
RHEUMATIC
NEUROLOGICAL &
SPORTS INJURIES

SREERANGOM ™
C.V.N. KALARI
CHIKILSAKENDRAM

a traditional ayurvedic kalari hospital
( ISO 9001 Registered )

ശ്രീരംഗം സി. വി. എൻ. കളരി ചികിത്സാകേന്ദ്രം
ചമ്പക്കര

ശ്രീരംഗം റോഡ്, കോട്ടയം, കേരളാ - 686 540.
ഫോൺ : 486114, 486115 (Hosp.) 485214 (Fax)
E-mail : sreerangom@satyam.net.in,
www.sreerangomayur.com

ഈ സ്ഥാപനത്തിന്റെ കീഴിൽ മറ്റ് ബ്രാഞ്ചുകളോ ഏജൻസികളോ പ്രവർത്തിക്കുന്നില്ല.